# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/08/ 2021


## കരുനാഗപ്പള്ളിയിലും കൊട്ടിയത്തും ആൾക്കൂട്ട വിവാഹത്തിനെതിരെ നടപടി

കൊല്ലം : കൊല്ലം സിറ്റി പരിധിയിൽ ആൾക്കൂട്ട വിവാഹങ്ങൾ നടത്തിയവർക്കെതിരെ നടപടിയുമായി പോലീസ്. കരുനാഗപ്പള്ളിയിലും കൊട്ടിയത്തുമാണ് മാനദണ്ഡങ്ങൾ കാറ്റിൽ പറത്തിയുള്ള വിവാഹങ്ങൾക്കെതിരെ പോലീസ് നടപടി സ്വീകരിച്ചത്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന് പടിഞ്ഞാറ് ഭാഗത്തുള്ള പ്രമുഖ ആഡിറ്റോറിയത്തിൽ നടത്തിയ വിവാഹ സൽക്കാരമാണ് പോലീസ് നടപടിക്ഷണിച്ച് വരുത്തിയത്. അനുവദനീയമായതിൽ കൂടുതൽ ആൾക്കൂട്ടം ഉണ്ടായതിനെ തുടർന്നാണ് പോലീസ് ആൾക്കാരെ പിരിച്ച് വിട്ട് വിവാഹാഘോഷം സംഘടിപ്പിച്ച ബഷീറിനെതിരെ നടപടി സ്വീകരിച്ചത്. കൊട്ടിയം പോലീസ് പരിധിയിലുള്ള പറക്കുളളത്ത് വീട്ടിൽ വിവാഹവുമായി ബന്ധപ്പെട്ട് സൽക്കാരം നടത്തിയ നാസറുദ്ദീനെതിരെയാണ് നടപടി സ്വീകരിച്ചത്. പോലീസും സെക്ടറൽ മജിസ്ട്രേറ്റും സംയുക്തമായി നടത്തിയ പരിശോധനയിലാണ് അനുവദനീയമായതിൽ കൂടുതൽ പേർ സൽക്കരങ്ങളിൽ പങ്കെടുക്കുന്നതായി കണ്ടെത്തി നടപടി സ്വീകരിക്കുകയായിരുന്നു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയ യുവാവ് പോലീസ് പിടിയിലായി

കൊല്ലം : പ്രായപൂർത്തിയാകാത്ത പട്ടികജാതി പെൺകൂട്ടിയെ തട്ടികൊണ്ട് പോയയാൾ പോലീസ് പിടിയിലായി. കടയ്ക്കൽ വയല പ്രസാദ് ഭവനിൽ പ്രസാദ് മകൻ ഉണ്ണിക്കുട്ടൻ എന്നു വിളിക്കുന്ന പ്രീജു പ്രസാദ് (22) ആണ് ചവറ തെക്കുംഭാഗം പോലീസിന്റെ പിടിയിലായത്. കഴിഞ്ഞ 09.08.21 പുലർച്ചേ 01.00 മണിക്ക് ഇയാൾ പെൺകുട്ടിയുടെ വീട്ടിലെത്തി പെൺകുട്ടിയെ രഹസ്യമായി കടത്തി കൊണ്ട് പോകുകയായിരുന്നു. തുടർന്ന് കുട്ടിയുടെ മാതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ തിരച്ചിലിനൊടുവിലാണ് ഇയാളെയും പെൺകുട്ടിയേയും അന്ന് വെളുപ്പിന് 03.00 മണിക്ക് തന്നെ കടയ്ക്കലുള്ള ഇയാളുടെ ബന്ധുവീട്ടിൽ നിന്നും പോലീസിന്റെ പിടിയിലായി. ഇയാൾക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ പീഢന നിരോധന നിയമപ്രകാരവും പ്രായപൂർത്തി



Preeju Prasad

യാകാത്ത പെൺകുട്ടിയെ തട്ടി കൊണ്ട് പോയതിനുമാണ് കേസ് എടുത്തത്. ഇയാളെ റിമാന്റ് ചെയ്തു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ കരുനാഗപ്പള്ളി അസിസ്റ്റന്റ് കമ്മീഷണർ ഷൈനു തോമസ്, തെക്കുഭാഗം ഇൻസ്പെക്ടർ ദിനേശ്കുമാർ.എം, എസ്സ്.ഐ സുജാതൻപിള്ള, എ.എസ്സ്.ഐമാരായ രണദേവൻ, എം. സജികുമാർ, സി.പി.ഓ ഷാലൂ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

## ലോറി ഡ്രൈവറെ ആക്രമിച്ച യുവാക്കൾ അറസ്റ്റിൽ

കൊല്ലം : ലോറി ഡ്രൈവറെ ആക്രമിച്ച് കാൽ തല്ലിയൊടിച്ച യുവാക്കൾ പോലീസ് പിടിയിലായി. കഴിഞ്ഞ 29ന് പുലർച്ചേ ഒരു മണിക്ക് ഇത്തിക്കര പാലത്തിന് സമീപം ലോറി ഒതുക്കി വിശ്രമിക്കുകയായിരുന്ന കുളത്തൂപ്പുഴ സ്വദേശിയായ ഷിബിൻ എന്ന ലോറി ഡ്രൈവറാണ് ആക്രമിക്കപ്പെട്ടത്. പൂർവ്വ വൈരാഗ്യമാണ് ആക്രമണത്തിൽ കലാശിച്ചിത്. കണ്ണൂരിൽ നിന്നും ലോഡുമായി വന്ന ഷിബിനെ ഇവർ പിൻതുടരുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടന്ന അന്വേഷണത്തിലാണ് യുവാക്കൾ പിടിയിലായത്. കുളത്തൂപ്പുഴ തിങ്കൾക്കരിക്കകം വില്ലേജിൽ കല്ലുവെട്ടാംകുഴി ആൻസി മൻസിലിൽ അബ്ദുൽ റഹീം മകൻ അഫ്സൽ (29), കുളത്തുപ്പുഴ വില്ലുമല താഹ മൻസിലിൽ അബ്ദുൽ ഖാദർ മകൻ താഹാകുട്ടി (38), തിങ്കൾക്കരിക്കകം വില്ലേജിൽ ചന്ദനക്കാവ് പി.കെ ഹൗസിൽ അബ്ദുൽ സലീം മകൻ സൂഫിയൻ (21) എന്നിവരാണ് പോലീസ് പിടിയിലായത്. ഇവരെ റിമാന്റ് ചെയ്തു. ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണർ ബി. ഗോപകുമാറിന്റെ നേതൃത്വത്തിൽ ചാത്തന്നൂർ ഇൻസ്പെക്ടർ ജസ്റ്റിൻ ജോൺ, എസ്സ്.ഐമാരായ രാജേഷ്, ഷീന, ദിലീപ്, രഞ്ജിത്, എ.എസ്സ്.ഐ അനിൽകുമാർ സി.പി.ഓ രഞ്ജിത് എന്നിവർ ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇവർ പോലീസിന്റെ പിടിയിലായത്.



Afsal



Thahakutty



Sufiyan

## ഗാർഹിക പീഡനം പ്രതി അറസ്റ്റിൽ

കൊല്ലം : ഗാർഹിക പീഡനം നടത്തിയ പ്രതി പോലീസ് പിടിയിലായി. കിളികൊല്ലൂർ എം.ജി നഗർ -6 രാജഭവനം വീട്ടിൽ രാജൻ മകൻ എം.എൽ.എ സന്തോഷ്

എന്ന് വിളിക്കുന്ന സന്തോഷ്കുമാർ(47) ആണ് പോലീസ് പിടിയിലായത്. വിവാഹം കഴി ഞ്ഞ് ഭാര്യ മിനിയുമായി ഒരുമിച്ച് താമസിച്ച് വരവേ നിരന്തരം ദേഹോപദ്രവം ഏൽപ്പിച്ചതിനെ തുടർന്ന മിനി കോടതിയിൽ നിന്നും സംരക്ഷണ ഉത്തരവിൽ താമസിച്ച് വരുകയായിരുന്നു. ഇക്കഴിഞ്ഞ ഒന്നാം തീയതി രാത്രി പത്ത് മണിക്ക് ഇയാൾ ക്രൂരമായി മർദ്ദിച്ചതിനെ തുടർന്ന് മിനിയുടെ മൊഴിയുടെ അടിസ്ഥാനത്തിലാണ് കിളികൊല്ലൂർ പോലീസ് കേസ് എടുത്ത്. ഇയാളെ റിമാന്റ് ചെയ്തു. കിളികൊല്ലൂർ ഇൻസ്പെക്ടർ എച്ച്.മുഹമ്മദ്ഖാൻ, എ.എസ്സ്.ഐ സന്തോഷ്കുമാർ, തുടങ്ങിയവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.